## പതിനാലാം കേരള നിയമസഭ
## 18-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*149** **10.02.2020-ൽ മറുപടിയ്ക്ക്**

## തീരദേശ സംരക്ഷണ നിയമലംഘനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, പി.കെ.അബ്ദു റബ്ബ്<br>,, കെ.എം.ഷാജി<br>,, എം. സി. കമറുദ്ദീൻ : | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) തീരദേശ സംരക്ഷണ നിയമം ലംഘിച്ച് മരടിൽ ഫ്ലാറ്റ് നിർമ്മിച്ച കേസ്സിനോടനുബന്ധിച്ച് സംസ്ഥാനത്തെ ഇത്തരത്തിലുള്ള മുഴുവൻ ചട്ടലംഘനങ്ങളുടെയും കണക്കെടുക്കുവാൻ സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നുവോ; | (എ) & (ബി) ഉണ്ട്. ബഹു . സുപ്രീം കോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസിലെ 23.09.2019 ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16.10.2019- ലെ G.O (Rt) No. 98/2017/Envt. പ്രകാരവും 17.10.2019- ലെ G.O (Rt) No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ നഗരാസൂത്രകൻ കൺവീനറായും തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കാൻ ആരെയാണ് നിയോഗിച്ചതെന്ന് അറിയിക്കാമോ; | |
| (സി) കഴിഞ്ഞ വർഷത്തെ കേന്ദ്രസർക്കാർ വിജ്ഞാപന പ്രകാരമുള്ള കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ സ.ഉ(സാധാ) നം.80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ |

കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ എത്രയും പെട്ടെന്ന് തയ്യാറാക്കി സമർപ്പിയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**